തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**

വാക്കാട്, മലപ്പുറം – 676 502

# നിർവാഹകസമിതി

## അറുപത്തിനാലാമത് യോഗതീരുമാനങ്ങൾ

**2024 ജനുവരി 24 ബുധനാഴ്ച, രാവിലെ 10.00 മണിക്ക്**

**പങ്കെടുത്തവർ:**

1. ഡോ. സുഷമ എൽ. (വൈസ് ചാൻസലർ) (അദ്ധ്യക്ഷ)
2. ശ്രീ അനിൽകുമാർ വി.എസ്. (അഡീഷണൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ്)
3. ശ്രീമതി സുഭാഷിണി തങ്കച്ചി (ഡെപ്യൂട്ടി സെക്രട്ടറി, സാംസ്കാരികകാര്യ (സി) വകുപ്പ്)
4. ഡോ. ജെ. പ്രസാദ്
5. ഡോ. സി. രാജേന്ദ്രൻ
6. ഡോ. കെ.ജി. പൗലോസ്
7. ഡോ. കെ.എം. അനിൽ
8. ഡോ. ധന്യ ആർ.

ഡോ. കെ.എം. ഭരതൻ (രജിസ്ട്രാർ ഇൻ ചാർജ്) യോഗത്തിൽ സന്നിഹിതനായിരുന്നു.

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല നിർവാഹകസമിതിയുടെ 64–ാമത് യോഗം ബഹു. വൈസ് ചാൻസലറുടെ അദ്ധ്യക്ഷതയിൽ ചേർന്നു. വൈസ് ചാൻസലർ സമിതി അംഗങ്ങളെ യോഗത്തിലേക്ക് സ്വാഗതം ചെയ്തു. തുടർന്ന് വൈസ് ചാൻസലർ കഴിഞ്ഞ നിർവാഹകസമിതിയോഗത്തിനുശേഷം സർവകലാശാലയിൽ നാളിതുവരെ നടന്ന പ്രവർത്തനങ്ങളുടെ റിപ്പോർട്ട് അവതരിപ്പിച്ചു. പുരസ്കാരങ്ങൾ നേടുകയും നേട്ടങ്ങൾ കൈവരിക്കുകയും ചെയ്ത മലയാളസർവകലാശാലയിലെ അധ്യാപകരേയും വിദ്യാർത്ഥികളേയും യോഗം അഭിനന്ദിച്ചു. തുടർന്ന് അജണ്ടകൾ അവതരിപ്പിച്ച് ചർച്ച കൾ നടന്നു.

### തീരുമാനങ്ങൾ

| വിഷയം | തീരുമാനം |
|---|---|
| ഇനം നമ്പർ: **2024.01**<br>**വൈസ് ചാൻസലറുടെ റിപ്പോർട്ട്** | ബഹു. വൈസ് ചാൻസലർ അവതരിപ്പിച്ച റിപ്പോർട്ട് അംഗീകരിച്ചു. |
| ഇനം നമ്പർ: **2024.02**<br>**നിർവാഹകസമിതിയുടെ അറുപത്തിമൂന്നാമത് യോഗത്തിന്റെ തീരുമാനങ്ങൾ സ്ഥിരീകരിക്കുന്നത് സംബന്ധിച്ച്** | നിർവാഹകസമിതിയുടെ 63–ാമത് യോഗത്തിന്റെ തീരുമാനങ്ങൾ സ്ഥിരീകരിച്ചു. |

| വിഷയം | തീരുമാനം |
|---|---|
| ഇനം നമ്പർ: **2024.03**<br>**മുൻതീരുമാനങ്ങളിലെ തുടർനടപടികൾ** | അംഗീകരിച്ചു. |
| ഇനം നമ്പർ: **2024.04**<br>**ഭാഷാശാസ്ത്ര സ്കൂൾ പ്രൊഫസർ ഡോ. സി. സെയ്തലവിയുടെ മുൻകാല സേവനം പെൻഷൻ ആനുകൂല്യങ്ങൾക്ക് പരിഗണിക്കുന്നത് - സംബന്ധിച്ച്.**<br>(481/2023/എ5/അഡ്മിൻ. - ഭരണവിഭാഗം) | സ്റ്റാഫ് ഉപസമിതിയുടെ പരിഗണനയ്ക്കായി സമർപ്പിക്കാൻ തീരുമാനിച്ചു. |
| ഇനം നമ്പർ: **2024.05**<br>**ഭാഷാശാസ്ത്രസ്കൂൾ പ്രൊഫസർ ഡോ. സി. സെയ്തലവിയുടെ വിടുതൽ - സംബന്ധിച്ച്.**<br>(103/2024/ബി2/അഡ്മിൻ. - ഭരണവിഭാഗം) | സ്റ്റാഫ് ഉപസമിതിയുടെ പരിഗണനയ്ക്കായി സമർപ്പിക്കാൻ തീരുമാനിച്ചു. ഭാഷാശാസ്ത്ര സ്കൂളിൽ പകരം ആവശ്യമായ സംവിധാനം ഒരുക്കുവാനും തീരുമാനിച്ചു. |
| ഇനം നമ്പർ: **2024.06**<br>**04.01.2024 ന് ചേർന്ന പരീക്ഷാ ഉപസമിതിയുടെ ശുപാർശകൾ അംഗീകരിക്കുന്നത് - സംബന്ധിച്ച്.** | പരീക്ഷാ ഉപസമിതിയുടെ ശുപാർശ അംഗീകരിച്ചു. |
| **ഇനം നം. 2023.127**<br>എൻ.എസ്.എസ്., ആർട്സ്, സ്പോർട്സ് എന്നിവയ്ക്ക് ഗ്രേസ് മാർക്ക് അനുവദിക്കുന്നത് - സംബന്ധിച്ച്. | NSS, ആർട്സ്, സ്പോർട്സ് - ഗ്രേസ് മാർക്ക് അനുവദിക്കുന്ന വിഷയത്തിൽ മറ്റു സർവകലാശാലകൾ പിന്തുടരുന്ന സമ്പ്രദായങ്ങൾ, ഗവൺമെന്റ് ഉത്തരവുകൾ എന്നിവ പരിശോധിച്ച് ഇതു സംബന്ധിച്ച വിശദമായ റിപ്പോർട്ട് നൽകുവാൻ വിദ്യാർത്ഥിക്ഷേമ ഡയറക്ടറെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു. |
| ഇനം നമ്പർ: **2024.07**<br>**04.01.2024 ന് ചേർന്ന വിദ്യാർത്ഥിക്ഷേമ ഉപസമിതിയുടെ ശുപാർശകൾ അംഗീകരിക്കുന്നത് - സംബന്ധിച്ച്.** | വിദ്യാർത്ഥിക്ഷേമ ഉപസമിതിയുടെ ശുപാർശകൾ പരിഗണിച്ച് താഴെ പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു. |

| വിഷയം | തീരുമാനം |
|---|---|
| **ഇനം നം. 2023.125**<br>വിദ്യാർത്ഥികൾക്ക് ആവശ്യമായ സാധനങ്ങൾ ലഭ്യമാക്കുന്നതിന് സർവകലാശാലയിൽ സ്റ്റോർ ആരംഭിക്കുന്നത് - സംബന്ധിച്ച്.<br>(3353/എ2/2023/അഡ്മിൻ. - ഭരണവിഭാഗം) | മലയാളസർവകലാശാലയിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി തുടങ്ങുന്നതിനുള്ള പ്രാരംഭനടപടികൾ ആരംഭിക്കുവാൻ തീരുമാനിച്ചു. |
| **ഇനം നം. 2023.126**<br>കലാകായിക ഉപകരണങ്ങൾ വാങ്ങുന്നതിന് ബജറ്റിൽ നിർദ്ദേശിച്ചിട്ടുള്ള 80,000 രൂപ വിനിയോഗിക്കുന്നത് - സംബന്ധിച്ച്.<br>(2173/എ6/2022/അഡ്മിൻ. - ഭരണവിഭാഗം) | നിലവിൽ തുഞ്ചൻ മെമ്മോറിയൽ ഗവൺമെന്റ് കോളേജുമായി ധാരണാപത്രം ഉണ്ടാക്കിയതിന്റെ വെളിച്ചത്തിൽ അവരുമായി സഹകരിച്ച് മലയാളസർവകലാശാലയിലെ വിദ്യാർത്ഥികളുടെ കായികമേഖലയിലെ കഴിവ് വികസിപ്പിക്കുന്നതിനുള്ള സാഹചര്യങ്ങൾ ഒരുക്കത്തക്ക വിധത്തിലുള്ള പദ്ധതികൾക്ക് രൂപം നൽകാവുന്നതാണെന്ന വിദ്യാർത്ഥിക്ഷേമ ഉപസമിതിയുടെ ശുപാർശ അംഗീകരിച്ചു.<br>കായിക ഉപകരണങ്ങൾ വാങ്ങുന്നത് സംബന്ധിച്ച വിഷയം ധനകാര്യ ഉപസമിതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ തീരുമാനിച്ചു. |
| **ഇനം നം. 2023.128**<br>2019 ബാച്ചിലെ ഗവേഷകരുടെ ഫെല്ലോഷിപ്പ് കുടിശ്ശിക - സംബന്ധിച്ച്.<br>(115/പിഎച്ച്.ഡി./എ4/2020 - ഭരണവിഭാഗം) | 2019 ബാച്ചിലെ ഗവേഷകരുടെ ഫെല്ലോഷിപ്പ് കുടിശ്ശിക നൽകുവാൻ തീരുമാനിച്ചു. ധനകാര്യ ഉപസമിതിയുടെ ശുപാർശയ്ക്ക് വിധേയമായി കുടിശ്ശിക അനുവദിക്കാവുന്നതാണ്. |
| **ഇനം നം. 2023.129**<br>ഗവേഷകരുടെ ഫെല്ലോഷിപ്പ് തുക വർദ്ധിപ്പിക്കുന്നത് - സംബന്ധിച്ച്.<br>(115/പിഎച്ച്.ഡി./എ4/2020 - ഭരണവിഭാഗം) | ഫെല്ലോഷിപ്പ് തുക വർദ്ധിപ്പിക്കണമെന്ന ഗവേഷകരുടെയും വിദ്യാർത്ഥി സംഘടനയുടെയും അപേക്ഷ ധനകാര്യ ഉപസമിതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ തീരുമാനിച്ചു. |

| വിഷയം | തീരുമാനം |
|---|---|
| ഇനം നമ്പർ: **2024.08**<br>**05.01.2024 ന് ചേർന്ന സ്റ്റാഫ് ഉപസമിതിയുടെ ശുപാർശകൾ അംഗീകരിക്കുന്നത് – സംബന്ധിച്ച്.** | സ്റ്റാഫ് ഉപസമിതിയുടെ ശുപാർശകൾ അംഗീകരിച്ചു. |
| **ഇനം നം. 2023.89**<br>ചരിത്രപഠനസ്കൂൾ അസിസ്റ്റന്റ് പ്രൊഫസറായ ഡോ. മഞ്ജുഷ ആർ. വർമ്മയുടെ മുൻകാല സർവീസ് പെൻഷന് പരിഗണിക്കുന്നത് – സംബന്ധിച്ച്.<br>(700/എ5/2023/അഡ്മിൻ. – ഭരണവിഭാഗം) | സ്റ്റാഫ് ഉപസമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ, ചരിത്രപഠനസ്കൂൾ അസിസ്റ്റന്റ് പ്രൊഫസർ ഡോ. മഞ്ജുഷ ആർ. വർമ്മയുടെ 19.08.2015 മുതൽ 07.10.2016 വരെ ചങ്ങനാശ്ശേരി എൻ.എസ്.എസ്. കോളേജിലെ സേവനകാലം പെൻഷൻ ആനുകൂല്യങ്ങൾക്ക് പരിഗണിക്കാവുന്നതാണെന്ന് തീരുമാനിച്ചു. |
| **ഇനം നം. 2023.97**<br>സർവകലാശാല ശുചീകരണ/പാചക/ തോട്ടം തൊഴിലാളികളുടെ സേവനം ക്രമപ്പെടുത്തുന്നത് സംബന്ധിച്ച് 2023.24 ഇനം നമ്പർ തീരുമാന പ്രകാരം രൂപീകൃതമായ ഉപസമിതിയുടെ ശുപാർശ പരിഗണിക്കുന്നത് – സംബന്ധിച്ച്.<br>(1171/എ6/2020/അഡ്മിൻ. Vol.III. – ഭരണവിഭാഗം) | തുഞ്ചത്ത് എഴുത്തച്ഛൻ മലയാളസർവ്വകലാശാലാ ശുചീകരണ/പാചക/തോട്ടം തൊഴിലാളികളുടെ സേവനം നിലവിലുള്ള രീതിയിൽത്തന്നെ റൊട്ടേഷൻ വ്യവസ്ഥയിൽ തുടരാവുന്നതാണെന്ന് തീരുമാനിച്ചു. |
| **ഇനം നം. 2023.99**<br>സർവകലാശാല പബ്ലിക്കേഷൻ ഓഫീസർക്ക് നൽകിയ പി.ആർ.ഒ.യുടെ അധികചുമതല ഒഴിവാക്കുന്നതും, പബ്ലിക്കേഷൻ ഓഫീസർ ഉൾപ്പെടെ 3 ജീവനക്കാരുടെ വേതനം വർദ്ധിപ്പിച്ചു നൽകിയ വിഷയത്തിൽ 2023.24 ഇനം നമ്പർ തീരുമാന പ്രകാരം രൂപീകൃതമായ ഉപസമിതിയുടെ ശുപാർശ പരിഗണിക്കുന്നത് – സംബന്ധിച്ച്.<br>(2073/2021/എ6/അഡ്മിൻ. Vol.III. – ഭരണവിഭാഗം) | പബ്ലിക്കേഷൻ ഓഫീസർക്ക് നൽകിയ പി.ആർ.ഒ.യുടെ അധിക ചുമതല ഒഴിവാക്കുന്നത് സംബന്ധിച്ച വിഷയത്തിലും, പബ്ലിക്കേഷൻ ഓഫീസർ ഉൾപ്പെടെ 3 ജീവനക്കാരുടെ വേതനം വർദ്ധിപ്പിച്ച് നൽകിയ വിഷയത്തിലും ഇതിനായി രൂപീകരിച്ച ഉപസമിതിയുടെ (2023.34 ഇനം നമ്പർ തീരുമാനപ്രകാരം രൂപീകൃതമായ ഉപസമിതി) ശുപാർശകൾ പരിഗണിക്കുന്നതിന്, അവ്യക്തതകൾ നീക്കി വ്യക്തമായ കുറിപ്പും അനുബന്ധരേഖകളും സമർപ്പിക്കുവാൻ ബന്ധപ്പെട്ട വിഭാഗത്തോട് ആവശ്യപ്പെടുവാനുള്ള സ്റ്റാഫ് ഉപസമിതിയുടെ തീരുമാനം അംഗീകരിച്ചു. |

| വിഷയം | തീരുമാനം |
|---|---|
| **ഇനം നം. 2023.104**<br>ചലച്ചിത്രപഠനസ്കൂൾ അസിസ്റ്റന്റ് പ്രൊഫസർ ഡോ. സുധീർ എസ്. സലാമിന് 2018 യു.ജി.സി. റഗുലേഷൻസ് പ്രകാരം അക്കാദമിക് ലെവൽ 11 ലേക്ക് സ്ഥാനക്കയറ്റം നൽകുന്നത് - സംബന്ധിച്ച്.<br>(2559/UGC CAS/2023 - ഭരണവിഭാഗം) | ചലച്ചിത്രപഠനസ്കൂൾ അസിസ്റ്റന്റ് പ്രൊഫസർ ഡോ. സുധീർ എസ്. സലാമിന് 2018 യു.ജി.സി. റഗുലേഷൻസ് പ്രകാരം അക്കാദമിക് ലെവൽ-11 ലേക്ക് സ്ഥാനക്കയറ്റം നൽകുന്നതിനുള്ള സ്റ്റാഫ് ഉപസമിതിയുടെ ശുപാർശ അംഗീകരിച്ചു. |
| **ഇനം നം. 2023.105**<br>ചലച്ചിത്രപഠനസ്കൂൾ അസിസ്റ്റന്റ് പ്രൊഫസർ ഡോ. വിദ്യ ആർ. ന് 2018 യു.ജി.സി. റഗുലേഷൻസ് പ്രകാരം അക്കാദമിക് ലെവൽ 11 ലേക്ക് സ്ഥാനക്കയറ്റം നൽകുന്നത് - സംബന്ധിച്ച്.<br>(1134/എ5/2022/അഡ്മിൻ. - ഭരണവിഭാഗം) | ചലച്ചിത്രപഠനസ്കൂൾ അസിസ്റ്റന്റ് പ്രൊഫസർ ഡോ. വിദ്യ ആർ. ന് 2018 യു.ജി.സി. റഗുലേഷൻസ് പ്രകാരം അക്കാദമിക് ലെവൽ-11 ലേക്ക് സ്ഥാനക്കയറ്റം നൽകുന്നതിനുള്ള സ്റ്റാഫ് ഉപസമിതിയുടെ ശുപാർശ അംഗീകരിച്ചു. |
| **ഇനം നം. 2023.106**<br>സാഹിത്യപഠനസ്കൂൾ അസിസ്റ്റന്റ് പ്രൊഫസർ ഡോ. മുഹമ്മദ് റാഫി എൻ. വി.ക്ക് 2018 യു.ജി.സി. റഗുലേഷൻസ് പ്രകാരം അക്കാദമിക് ലെവൽ 12 ലേക്ക് സ്ഥാനക്കയറ്റം നൽകുന്നത് - സംബന്ധിച്ച്.<br>(3270/എ5/2022/അഡ്മിൻ. - ഭരണവിഭാഗം) | സാഹിത്യപഠനസ്കൂൾ അസിസ്റ്റന്റ് പ്രൊഫസർ ഡോ. മുഹമ്മദ് റാഫി എൻ. വി.ക്ക് 2018 യു.ജി.സി. റഗുലേഷൻസ് പ്രകാരം അക്കാദമിക് ലെവൽ-12 ലേക്ക് സ്ഥാനക്കയറ്റം നൽകുന്നതിനുള്ള സ്റ്റാഫ് ഉപസമിതിയുടെ ശുപാർശ അംഗീകരിച്ചു. |
| **ഇനം നം. 2023.107**<br>സംസ്കാരപൈതൃകപഠനസ്കൂൾ അസോസിയേറ്റ് പ്രൊഫസർ ഡോ. സുനീത ടി.വി.ക്ക് 2010 യു.ജി.സി. റഗുലേഷൻസ് (4-ാം ഭേദഗതി) പ്രകാരം പ്രൊഫസറായി സ്ഥാനക്കയറ്റം നൽകുന്നത് - സംബന്ധിച്ച്. | സംസ്കാരപൈതൃകപഠനസ്കൂൾ അസോസിയേറ്റ് പ്രൊഫസർ ഡോ. സുനീത ടി.വി. ക്ക് യു.ജി.സി. റഗുലേഷൻസ് 2010 ന്റെ നാലാം ഭേദഗതിയായ 2016 റഗുലേഷൻസ് പ്രകാരം പ്രൊഫസർ ഗ്രേഡിലേക്ക് സ്ഥാനക്കയറ്റം നൽകുന്നതിനുള്ള സ്റ്റാഫ് ഉപസമിതിയുടെ ശുപാർശ അംഗീകരിച്ചു. |

| വിഷയം | തീരുമാനം |
| --- | --- |
| **ഇനം നം. 2023.109**<br>സാഹിത്യപഠനസ്കൂൾ ഡയറക്ടർ റൊട്ടേഷൻ ക്രമീകരിക്കുന്നതിനായി അസിസ്റ്റന്റ് പ്രൊഫസർ ഡോ. മുഹമ്മദ് റാഫി എൻ.വി. നൽകിയ അപേക്ഷ പരിഗണിക്കുന്നത് - സംബന്ധിച്ച്.<br>(444/2021/എ.എ.ഒ. - ഭരണവിഭാഗം) | സാഹിത്യപഠനസ്കൂൾ ഡയറക്ടർ ഡോ. ഇ. രാധാകൃഷ്ണന്റെ അപേക്ഷ പരിഗണിച്ച് അദ്ദേഹത്തെ ഡയറക്ടർ ചുമതലയിൽ നിന്ന് ഒഴിവാക്കി, അർഹതയുള്ളവർക്ക് ചുമതല നൽകുവാൻ തീരുമാനിച്ചു. |
| **ഇനം നം. 2023.121**<br>ഇലക്ട്രിക് ഓവർസിയറുടെ സേവനം ലഭ്യമാക്കുന്നത് - സംബന്ധിച്ച്. | ഇലക്ട്രിക്കൽ എഞ്ചിനീയറെ 30,000/- രൂപ സഞ്ചിതവേതനത്തിൽ കരാറടിസ്ഥാനത്തിൽ നിയമിക്കാൻ തീരുമാനിച്ചു. |
| **ഇനം നം. 2023.124**<br>തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല - പ്രസിദ്ധീകരണ വിഭാഗത്തിൽ ഓഫീസ് അറ്റന്ററായി ജോലി ചെയ്തു വരുന്ന ശ്രീ വിനോദ് കെ. യുടെ സേവന കാലാവധി പുതുക്കി ഉത്തരവായത് - സംബന്ധിച്ച്. | പ്രസിദ്ധീകരണവിഭാഗത്തിൽ ഓഫീസ് അറ്റൻഡന്റായി ജോലി ചെയ്തുവരുന്ന ശ്രീ വിനോദ് കെ. യുടെ സേവനകാലാവധി 25.08.2023 മുതൽ 179 ദിവസത്തേക്ക് പുതുക്കിയ നടപടി അംഗീകരിച്ചു.<br>ജീവനക്കാരുടെ കരാർ പുതുക്കൽ/തസ്തികമാറ്റം എന്നിവ സംബന്ധിച്ച് കൃത്യമായ മാനദണ്ഡം ഉണ്ടാക്കാൻ സ്റ്റാഫ് ഉപസമിതിയെ ചുമതലപ്പെടുത്തി. |
| **ഇനം നം. 2023.134**<br>സാഹിത്യപഠനസ്കൂൾ പ്രൊഫസർ ഡോ. ഇ. രാധാകൃഷ്ണന്റെ സി.എ.എസ്. പ്രൊമോഷൻ 2010 യു.ജി.സി. റഗുലേഷൻ പ്രകാരം പുനഃക്രമീകരിക്കുന്നത് - സംബന്ധിച്ച്. | സാഹിത്യപഠനസ്കൂൾ പ്രൊഫസർ ഡോ. ഇ. രാധാകൃഷ്ണന്റെ സി.എ.എസ്. പ്രൊമോഷൻ 2010 യു.ജി.സി. റഗുലേഷൻസ് പ്രകാരം പുനഃക്രമീകരിക്കണമെന്ന അപേക്ഷയിൽ സ്റ്റാന്റിംഗ് കൗൺസലിനോട് നിയമോപദേശം തേടാൻ തീരുമാനിച്ചു. |
| **ഇനം നം. 2023.134(എ)**<br>സാഹിത്യരചന സ്കൂളിലെ അസിസ്റ്റന്റ് പ്രൊഫസർ ഡോ. അൻവർ എ. യുടെ സ്ഥാനക്കയറ്റം - സംബന്ധിച്ച്. | സാഹിത്യരചന സ്കൂൾ അസിസ്റ്റന്റ് പ്രൊഫസർ ഡോ. അൻവർ എ. ക്ക് അക്കാദമിക് ലെവൽ 11-ലേക്ക് നൽകിയ സ്ഥാനക്കയറ്റം, ഓഡിറ്റ് നിർദേശം പരിഗണിച്ച് അക്കാദമിക് ലെവൽ 10-ൽ 4 വർഷത്തെ സേവനം പൂർത്തിയാക്കിയ തീയതി (21.10.2017 മുതൽ) കണക്കാക്കി നൽകാവുന്നതാണെന്ന് തീരുമാനിച്ചു. |

| വിഷയം | തീരുമാനം |
|---|---|
| **2024.09**<br>**04.01.2024 ന് ചേർന്ന ആസൂത്രണ ഉപസമിതിയുടെ നിർദേശ പ്രകാരം ധനകാര്യ ഉപസമിതി പരിഗണിച്ച വിഷയങ്ങളിൻമേലുള്ള ശുപാർശകൾ അംഗീകരിക്കുന്നത് - സംബന്ധിച്ച്.** | ധനകാര്യ ഉപസമിതിയുടെ ശുപാർശകൾ അംഗീകരിച്ചു. |
| **ഇനം നം. 2023.113**<br>ആലിശ്ശേരി വനിതാ ഹോസ്റ്റൽ അടുക്കളയിലെ ഗ്രില്ലിന് നെറ്റ് ഇടുന്ന പ്രവൃത്തിയുടെ ചെലവുതുക 57,600/- രൂപയുടെ പകുതി ഹോസ്റ്റൽ കെട്ടിട ഉടമയ്ക്ക് അനുവദിച്ച് നൽകണമെന്ന അപേക്ഷ പരിഗണിക്കുന്നത് - സംബന്ധിച്ച്.<br>(1800/2018/അഡ്മിൻ. - ഭരണവിഭാഗം) | ആലിശ്ശേരി വനിതാ ഹോസ്റ്റൽ അടുക്കളയുടെ ഗ്രില്ലിന് നെറ്റിടുന്ന പ്രവൃത്തിക്കായി ചെലവായ 57,600/- രൂപയിൽ പകുതി തുക ഹോസ്റ്റൽ കെട്ടിട ഉടമയ്ക്ക് നൽകുന്ന വിഷയത്തിൽ സർവകലാശാലാ എഞ്ചിനീയറുടെ റിപ്പോർട്ട് തേടാൻ തീരുമാനിച്ചു. |
| **ഇനം നം. 2023.142**<br>എച്ച്.ഡി.എഫ്.സി. ബാങ്ക് സമർപ്പിച്ച പ്രൊപ്പോസൽ - സംബന്ധിച്ച്. | തുഞ്ചത്ത് എഴുത്തച്ഛൻ മലയാളസർവ്വകലാശാല എച്ച്.ഡി.എഫ്.സി. ബാങ്കിൽ അക്കൗണ്ട് തുടങ്ങുന്നതിനുള്ള പ്രൊപ്പോസൽ നിലവിൽ പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു. |
| **ഇനം നം. 2023.151**<br>സർവവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ടുമായി ധാരണാപത്രം ഒപ്പുവെച്ചത് റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്.<br>(2488/എ1/2023/അഡ്മിൻ. - ഭരണവിഭാഗം) | സർവവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ടുമായി ധാരണാപത്രം ഒപ്പുവച്ച നടപടി അംഗീകരിച്ചു. |
| **ഇനം നം. 2023.116**<br>മെയിൻ കാമ്പസ് കെട്ടിടത്തിന്റെ ബിൽഡിംഗുകളുടെ സ്ട്രക്ചറൽ ഡിസൈൻ പുറമെ നിന്നുള്ള ഏജൻസികളിൽ നിന്നു ചെയ്യിപ്പിക്കുന്നതിനുള്ള എസ്റ്റിമേറ്റിന് നിർവാഹകസമിതി നൽകിയ അംഗീകാരം പരിശോധിക്കുന്നത് - സംബന്ധിച്ച്. | മെയിൻ കാമ്പസ് കെട്ടിടത്തിന്റെ ബിൽഡിങ്ങുകളുടെ സ്ട്രക്ചറൽ ഡിസൈൻ പുറമേ നിന്നുള്ള ഏജൻസികളിൽ നിന്നും ചെയ്യുന്നതിനുള്ള എസ്റ്റിമേറ്റ് 62-ാമത് നിർവാഹകസമിതി നൽകിയ അംഗീകാരത്തിന്റെ തുടർനടപടികൾ ആവശ്യമില്ല. |

| വിഷയം | തീരുമാനം |
|---|---|
| **ഇനം നം. 2023.139**<br>നാക് കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ പരിഗണിക്കുന്നത് – സംബന്ധിച്ച്. | നാക് അക്രഡിറ്റേഷൻ പ്രവർത്തനങ്ങൾക്കാവശ്യമായ സൗകര്യങ്ങളും സജ്ജീകരണങ്ങളും ഒരുക്കുന്നതിന് വൈസ് ചാൻസലറെ ചുമതലപ്പെടുത്തി. |
| **ഇനം നം. 2023.145**<br>മാങ്ങാട്ടിരിയിൽ സർവകലാശാല ഏറ്റെടുത്ത ഭൂമിയിൽ മെയിൻ കാമ്പസ് നിർമാണം – ഡി.പി.ആർ. തയ്യാറാക്കിയ ഇനത്തിൽ കോസ്റ്റ് ഫോർഡിന് തുക നൽകുന്നത് – സംബന്ധിച്ച്. | മാങ്ങാട്ടിരിയിലെ ആസ്ഥാനമന്ദിരത്തിന് കോസ്റ്റ് ഫോർഡുമായി ഉണ്ടാക്കിയ ധാരണാപത്രം സ്റ്റാന്റിംഗ് കൗൺസലിന്റെ നിയമോപദേശം എടുത്തതിനു ശേഷം ഡി.പി.ആർ.-ന്റെ തുക നൽകാവുന്നതാണ്. |
| ഇനം നമ്പർ: **2024.10**<br>**പഠനകേന്ദ്ര ഉപസമിതിയുടെ ശുപാർശകൾ അംഗീകരിക്കുന്നത് – സംബന്ധിച്ച്.** | പഠനകേന്ദ്ര ഉപസമിതി ശുപാർശ ചെയ്ത പഠനകേന്ദ്രങ്ങളുടെ പ്രവർത്തനമാനദണ്ഡങ്ങൾ അംഗീകരിച്ചു. |
| ഇനം നമ്പർ: **2024.11**<br>**തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല നിർവാഹകസമിതി തീരുമാനത്തിനെതിരെ രജിസ്ട്രാർ ഡോ. പ്രജിത് ചന്ദ്രൻ സർവകലാശാലയിലെ സീനിയർ അദ്ധ്യാപകന്റെ പെൻഷൻ ഇല്ലാതാക്കുന്ന നടപടികൾ ഉണ്ടാക്കിയ സാഹചര്യം – പ്രൊഫ. എം. ശ്രീനാഥന്റെ പരാതി – സംബന്ധിച്ച്.** | പ്രൊഫ. എം. ശ്രീനാഥന്റെ പരാതി സംബന്ധിച്ച വിഷയം സ്റ്റാഫ് ഉപസമിതിയുടെ പരിഗണനയ്ക്കായി സമർപ്പിക്കാൻ തീരുമാനിച്ചു.<br>ഈ ഇനത്തിന്റെ വിഷയം “തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല നിർവാഹക സമിതി തീരുമാനത്തിന് വിരുദ്ധമായി തന്റെ പെൻഷൻ ഇല്ലാതാകുന്ന തരത്തിൽ സർവകലാശാലയിൽ നടന്ന കത്തിടപാടുകളെക്കുറിച്ച് അന്വേഷണം നടത്തണമെന്ന പ്രൊഫ. എം. ശ്രീനാഥന്റെ പരാതി സംബന്ധിച്ച്” എന്ന് മാറ്റാൻ തീരുമാനിച്ചു. |
| ഇനം നമ്പർ: **2024.12**<br>**തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല FYUGP യിലേക്ക് പ്രവേശിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ – സംബന്ധിച്ച്.** | FYUGP മലയാളസർവകലാശാലയിൽ നടപ്പിലാക്കാൻ തീരുമാനിച്ചു. |

| വിഷയം | തീരുമാനം |
|---|---|
| ഇനം നമ്പർ: **2024.13**<br>**കോസ്റ്റ് ഫോർഡ് മികവ്കേന്ദ്രത്തിന്റെ പ്രവർത്തനം പൂർത്തിയാക്കുന്നതിന് കാലാവധി ദീർഘിപ്പിക്കുന്നത് – സംബന്ധിച്ച്.** | സാങ്കേതിക ഉപദേശകസമിതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ തീരുമാനിച്ചു. |
| ഇനം നമ്പർ: **2024.14**<br>**നാക് അക്രഡിറ്റേഷനുമായി ബന്ധപ്പെട്ട് നടത്തേണ്ട അടിയന്തിര നിയമനങ്ങൾ – സംബന്ധിച്ച്.** | നാക് അക്രഡിറ്റേഷൻ പ്രവർത്തനങ്ങൾക്കായി ദിവസവേതനാടിസ്ഥാനത്തിൽ ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിന് വൈസ് ചാൻസലറെ ചുമതലപ്പെടുത്തി.<br>സർവകലാശാലയ്ക്ക് നാക് അംഗീകാരം നേടിയെടുക്കുന്നതിന്റെ ഭാഗമായി ഒരു കായികാദ്ധ്യാപകനെ (MPEd കഴിഞ്ഞ) ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കാൻ തീരുമാനിച്ചു. |
| ഇനം നമ്പർ: **2024.15**<br>**മലയാളസർവകലാശാലാ രജിസ്ട്രാർ ഡോ. പ്രജിത് ചന്ദ്രന്റെ വിടുതൽ – സംബന്ധിച്ച്.** | സാധൂകരിച്ചു. |
| ഇനം നമ്പർ: **2024.16**<br>**ഗസ്റ്റ് ഫാക്കൽറ്റികളെ അനുവദിക്കുന്നത് – സംബന്ധിച്ച്.** | ഗസ്റ്റ് അദ്ധ്യാപകരെ നിയമിക്കുന്നതിന് വൈസ് ചാൻസലർക്ക് അനുമതി നൽകി. |
| ഇനം നമ്പർ: **2024.17**<br>**അഡ്ജങ്റ്റ് ഫാക്കൽറ്റികളെ അനുവദിക്കുന്നത് – സംബന്ധിച്ച്.** | അഡ്ജങ്റ്റ് ഫാക്കൽറ്റികളെ നിയമിക്കുന്നതിന് വൈസ് ചാൻസലർക്ക് അനുമതി നൽകി. |
| ഇനം നമ്പർ: **2024.18**<br>നാക് അക്രഡിറ്റേഷൻ സംബന്ധിച്ച് കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന് അനുമതി – സംബന്ധിച്ച്. | നാക് അക്രഡിറ്റേഷൻ പ്രവർത്തനങ്ങൾക്കാവശ്യമായ സൗകര്യങ്ങളും സജ്ജീകരങ്ങളും ഒരുക്കുന്നതിന് വൈസ് ചാൻസലറെ ചുമതലപ്പെടുത്തി. |

| വിഷയം | തീരുമാനം |
|---|---|
| **അദ്ധ്യക്ഷൻ അനുവദിക്കുന്ന മറ്റ് ഇനങ്ങൾ**<br>ഇനം നമ്പർ: **2024.19**<br>**യു.ജി.സി. നിർദേശപ്രകാരം സർവകലാശാലയിൽ ഓംബുഡ്സ്മാനെ തിരഞ്ഞെടുക്കുന്നത് – സംബന്ധിച്ച്.** | മലയാളസർവകലാശാലയിൽ ഓംബുഡ്സ്മാനെ തിരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുവാൻ തീരുമാനിച്ചു. |
| ഇനം നമ്പർ: **2024.20**<br>**മാങ്ങാട്ടിരിയിൽ മലയാളസർവകലാശാല ഏറ്റെടുത്ത ഭൂമിയിൽ തേങ്ങ പാട്ടത്തിന് നൽകുന്നത് – സംബന്ധിച്ച്.** | ഒരു വർഷത്തേക്കോ മലയാളസർവകലാശാല ഏറ്റെടുത്ത ഭൂമിയിൽ ആസ്ഥാനമന്ദിര നിർമാണം ആരംഭിക്കുന്നതുവരെയോ ഏതാണോ ആദ്യം അതുവരെ തേങ്ങ പാട്ടത്തിന് നൽകുന്നതിന് കരാർ നൽകുവാൻ തീരുമാനിച്ചു. |
| ഇനം നമ്പർ: **2024.22**<br>**ശ്രേഷ്ഠ മലയാളഭാഷ – ഭാഷ പഠനമികവ് കേന്ദ്രം – പുതിയ കെട്ടിടത്തിലേക്ക് ആവശ്യമായ ജലവിതരണ സംവിധാനം ഒരുക്കുന്ന കാര്യം – സംബന്ധിച്ച്.** | എസ്റ്റിമേറ്റ് അംഗീകരിച്ചു. തുടർനടപടികൾ സ്വീകരിക്കുവാനുള്ള ധനകാര്യ ഉപസമിതിയുടെ തീരുമാനം അംഗീകരിച്ചു. |
| ഇനം നമ്പർ: **2024.23**<br>**ലെയ്സൺ ഓഫീസറുടെ സേവനം – സംബന്ധിച്ച്.** | ലെയ്സൺ ഓഫീസറുടെ സേവനം തൃപ്തികരമല്ലാത്ത സാഹചര്യത്തിൽ അദ്ദേഹത്തിന്റെ സേവനം അവസാനിപ്പിക്കാൻ തീരുമാനിച്ചു. |

രജിസ്ട്രാർ ഇൻ ചാർജ്